# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2315** **01.04.2013**-ൽ മറുപടിക്ക്

## ***തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ***

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.മമ്മൂട്ടി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരൂർ നിയോക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന 2011 മുതൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) തിരൂർ നിയോക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന 2011 മുതൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. 24.01.2011 ലെ ഉത്തരവ് (എം.എസ്) 43/2011/എച്ച് & എഫ്. ഡബ്ല്യു.ഡി. പ്രകാരം താലൂക്ക് ആശുപത്രിയായിരുന്ന ഈ സ്ഥാപനം ജില്ലാ ആശുപത്രിയായി ഉയർത്തി.<br>2. 2011 നവംബറിലും 2013 ഫെബ്രുവരിയിലുമായി സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെ 13 ഡോക്ടർമാരുടെ തസ്തികകളും 20 സ്റ്റാഫ് നഴ്സ് തസ്തികകളും ഉൾപ്പെടെ മൊത്തം 53 തസ്തികകൾ ജില്ലാ ആശുപത്രിയിലേക്ക് അനുവദിച്ചു.<br>3. ജില്ലാ ആശുപത്രിയിലേക്ക് ഇൻസിനേറ്ററും, വാട്ടർ സ്വീവേജ് പ്ലാന്റിനും പണം അനുവദിച്ച് ആയവ സ്ഥാപിച്ചുവരുന്നു.<br>4. കീമോ തെറാപ്പി വാർഡിന് ആശുപത്രിയിൽ പണം അനുവദിച്ച് പ്രവർത്തനം നടന്നുവരുന്നു.<br>5. ആശുപത്രിയിൽ ഡീ അഡിക്ഷൻ സെന്ററിനും വാർഡിനും പണം അനുവദിച്ചു പ്രവർത്തി നടന്നുവരുന്നു.<br>6. ആശുപത്രിയിൽ ജെറിയാട്രിക് വാർഡിന് പണം അനുവദിച്ചതു പ്രകാരം പ്രവർത്തികൾ നടന്നുവരുന്നു. |

7. ആശുപത്രിയിലേക്ക് സി ടി സ്കാൻ അനുവദിച്ചത് സ്ഥാപിക്കാൻ പ്രവർത്തികൾ നടന്നുവരുന്നു.
8. ജില്ലാ ആശുപത്രിയിലേക്ക് ഡയാലിസിസ് സൗകര്യം അനുവദിച്ചുപ്രകാരം ആവശ്യമായ കെട്ടിടത്തിന് തറയ്ക്കല്ല് സ്ഥാപിച്ചു.

(ബി) 2013-14 വർഷത്തിൽ തിരൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2013-14 വർഷത്തിൽ ഓരോ പദ്ധതിയ്ക്കും വകയിരുത്തേണ്ട ഫണ്ടിന്റെ വിശദ വിവരങ്ങൾ മാത്രമേ ഇപ്പോൾ അറിയാൻ കഴിയുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിശദമായ നിർദ്ദേശം സ്വീകരിക്കുകയും ഇവയ്ക്ക് സർക്കാരിൽ നിന്നും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ തിരൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് 2013-14 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടില്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ജില്ലാ ആശുപത്രികൾ മെഡിക്കൽ കോളേജുകളായി ഉയർത്തുമ്പോൾ തിരൂർ ജില്ലാ ആശുപത്രി കൂടി ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

ഇതിനാവശ്യമായിട്ടുള്ള ഭൗതിക, സാങ്കേതിക സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ജില്ലാ ആശുപത്രികൾ മെഡിക്കൽ കോളേജുകളായി ഉയർത്തുമ്പോൾ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലെ ജില്ലാ ആശുപത്രികൾക്കും അവശ്യം വേണ്ട അടിസ്ഥാന സൗകര്യം ഉള്ള ജില്ലാ ആശുപത്രികൾക്കുമാണ് മുൻഗണന നൽകുന്നത്. ഏതെല്ലാം ജില്ലാ ആശുപത്രികളാണ് മുൻഗണനാടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളായി ഉയർത്തുന്നതെന്നത് സംബന്ധിച്ച് അന്തിമമായി സർക്കാർ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ